**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കടൽഭിത്തി പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പുലിമുട്ട്, കടൽഭിത്തി നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി വട്ടച്ചാൽ, പതിയങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 4.90 കി. മി. നീളത്തിൽ ₹87.66 കോടി രൂപയുടെ പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേന നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. നെല്ലാനിക്കൽ പ്രദേശത്തെ പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് കിഫ്ബിയുടെ നിർദ്ദേശപ്രകാരം ബാത്തിമെട്രി സർവ്വേ എടുക്കുകയും, ആഴത്തിലുള്ള മാറ്റം മൂലം പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വരുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. ചെന്നൈ ഐ.ഐ.ടി. യുടെ പുതുക്കിയ ഡിസൈൻ കൂടി ലഭിച്ചാൽ ഉടൻ തന്നെ പുതുക്കിയ എസ്റ്റിമേറ്റ് പൂർത്തീകരിച്ച്, ആയതിന് അനുമതി നൽകി മാർച്ച് മാസത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇനി കടൽഭിത്തി, പുലിമുട്ട് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്നും ഈ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ട് പുഴ പഞ്ചായത്തുകളിലെ തീര പ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; | (സി) | വേൾഡ് ബാങ്കിന്റെ സഹായത്തോടെ പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ | (ഡി) | വേൾഡ് ബാങ്കിന്റെ സഹായത്തോടെ പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| സ്ഥലം | നീളം (കി. മി) | ഭരണാനുമതി തുക | പുലിമുട്ടുകളുടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ |
|---|---|---|---|---|---|
| പതിയാങ്കര | 1.50 | ₹ 21.635 കോടി | 13 | 6 | 5 |
| ആറാട്ടുപുഴ | 1.20 | ₹ 28.519 കോടി | 21 | 13 | 6 |
| വട്ടച്ചാൽ | 1.70 | ₹ 30.670 കോടി | 16 | 12 | 4 |
| നെല്ലാനിക്കൽ | 0.50 | ₹ 6.845 കോടി | 3 | 0 | 0 |

| സ്ഥലം | **പുരോഗതി** |
|---|---|
| പതിയാങ്കര | 80% പൂർത്തീകരിച്ച |
| ആറാട്ടുപുഴ | 84% പൂർത്തീകരിച്ച |
| വട്ടച്ചാൽ | 88% പൂർത്തീകരിച്ച |
| നെല്ലാനിക്കൽ | ടെട്രാപോഡ് കാസ്റ്റിംഗ് നടന്നു വരുന്നു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 2

## List of ASE Works in Haripad LAC

| Sl No | Name of work (with CP stone) | Amount (in Lakhs) |
|---|---|---|
| 1 | ASE-Providing protection works to the coastal belt at Panoor in between CESCP No 586 to 590 of Thrikunnapuzha Panchayath in Harippad LAC | 2000 |
| 2 | ASE-Providing protection work to the coastal belt at Thoppiltaimoola in between CESCP No 590 to 594 of Thrikunnapuzha Panchayath in Harippad LAC | 2000 |
| 3 | ASE-Providing protection works to the coastal belt of Chelakkadu between CESCP 580 to 584 of Thrikunnapuzha Panchayath in Harippad LAC | 2000 |
| 4 | ASE - Providing protection works to the costasl belt at Kottemuri between chainage from 61.600 km to 62.150 km (CESCP 567 to 570) in Thrikkunappuzha Panchayath Haripad LAC | 980 |
| 5 | ASE-Providing Protection works to the coastal belt at Arattupuzha North and Mangalam in between CESCP NO: 550 to CESCP NO. 561 (FROM CH: 58.173M TO 60.344M) in Arattupuzha panchayath of Harippad LAC. | 5490.00 |

| | | |
|---|---|---|
| 6 | Constructing groin field to the costal belt at Ramancherry in between CESCP No.521 to CESCP No 527 of Arattupuzha Panchayath in Harippad Constituency. | 3000.00 |
| | **Total** | **15470** |

സെക്ഷൻ ഓഫീസർ